# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5694 :** **27.10.2011 ൽ മറുപടിയ്ക്ക്**

### ഐ.ടി.ഐ. കളിൽ നടപ്പിലാക്കിയ എം.ഇ.എസ്. പദ്ധതി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഐ.ടി.ഐ. കളിൽ നടപ്പിലാക്കിയ എം.ഇ.എസ്. പദ്ധതിയുടെ ലക്ഷ്യങ്ങളെന്തൊക്കെയായിരുന്നു; | (എ) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം താഴെ പറയുന്നു.<br><br>1. പതിനാലു വയസ് പൂർത്തിയായി പഠനം ഉപേക്ഷിച്ചവർ, പരിശീലനം ലഭിക്കാതെ വിവിധ മേഖലകളിൽ ജോലി നോക്കുന്നവർ, ഐ.ടി.ഐ. ബിരുദധാരികൾ മുതലായവർക്ക് ഗവൺമെന്റ് ഐ.ടി.ഐ., പ്രൈവറ്റ് സ്ഥാപനങ്ങൾ, വ്യാവസായിക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ അവസരോചിതമായി ഉപയോഗിച്ചുകൊണ്ട് പരിശീലനം നൽകി ഈ വിഭാഗത്തിലുള്ളവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.<br><br>2. രാജ്യത്ത് നിലവിലുള്ള മാത്സര്യ നിലവാരം, പാഠ്യ പദ്ധതി, പഠന ഉപകരണങ്ങൾ വികസിപ്പിക്കാനുള്ള കഴിവ് എന്നിവ ഈ പദ്ധതിയിലൂടെ ശക്തിപ്പെടുത്തുക.<br><br>3. ഈ പദ്ധതിയിലൂടെ നിലവിലുള്ള തൊഴിൽ നൈപുണ്യത്തെ പരിശോധിക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുക. |
| (ബി) ഇതിന്റെ ഭാഗമായി കേരളത്തിൽ എത്രപേർക്ക് ട്രെയിനിംഗ് നൽകുന്നതിന് സാധിച്ചിട്ടുണ്ട്; | (ബി) 4621 പേർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഇതിലേക്കായി തെരഞ്ഞെടുക്കപ്പെട്ട മേഖലകൾ ഏതൊക്കെയായിരുന്നു; | (സി) സംസ്ഥാനത്തെ വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് പ്രവർത്തിക്കുന്ന മേഖലകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) പ്രസ്തുത മേഖലകൾ നിശ്ചയിച്ചപ്പോൾ കേരളത്തിന്റെ തൊഴിൽപരവും വ്യാവസായികവുമായ ആവശ്യകത കണക്കിലെടുത്തിരുന്നുവോ; | (ഡി) കണക്കിലെടുത്തിരുന്നു. |
| (ഇ) പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ വിശദമാക്കാമോ? | (ഇ) പാഠ്യേതര പദ്ധതിയിലൂടെ തൊഴിൽ വൈദഗ്ദ്യം നേടി സർട്ടിഫിക്കറ്റിന് വേണ്ടി ശ്രമിക്കുന്ന തൊഴിലാളികൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നു.<br><br>ഐ.ടി.ഐ. ബിരുദധാരികൾക്കും, തൊഴിൽ ചെയ്യുന്നവർക്ക് അവരുടെ തൊഴിൽ വൈദഗ്ദ്യം ഉയർത്തുവാൻ കഴിയുന്നു.<br><br>സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനു മുമ്പ് പഠനം ഉപേക്ഷിച്ചവർക്ക് തൊഴിൽ വൈദഗ്ദ്യത്തോടുകൂടി ജോലി നേടുന്നതിന് പരിശീലനം നൽകുന്നു.<br><br>അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പത്തുലക്ഷം പേർക്ക് പരിശീലനം ലഭ്യമാക്കുക, അല്ലെങ്കിൽ അവരുടെ നിലവിലുള്ള കഴിവുകളെ പരിശോധിക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുക, തുടർന്നുള്ള ഓരോ വർഷവും പത്തുലക്ഷം പേർക്ക് ഇങ്ങനെ തൊഴിൽ പരിശീലനം ലഭ്യമാക്കുക എന്നിവ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് മേഖലകൾ

1. പ്രൊഡക്ഷൻ ആന്റ് മാനുഫാക്ചറിംഗ്
2. ഫാബ്രിക്കേഷൻ
3. കൺസ്ട്രക്ഷൻ
4. ഇലക്ട്രിക്കൽ
5. ഓട്ടോമൊബൈൽ
6. റഫ്രിജറേഷൻ ആന്റ് എയർകണ്ടീഷനിംഗ്
7. ഇലക്ട്രോണിക്സ്
8. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി
9. പെയിന്റ് ഇൻഡസ്ട്രി
10. ഓട്ടോമൊബൈൽ സെക്ടർ
11. പ്രിന്റിംഗ്
12. ബാങ്കിംഗ് ആന്റ് അക്കൗണ്ടിംഗ്
13. പ്രോസസ്സ് ഇൻസ്ട്രുമെന്റേഷൻ
14. ഹോസ്പിറ്റാലിറ്റി
15. ഓട്ടോമൊബൈൽ റിപ്പയർ
16. ഓട്ടോമോട്ടീവ് റിപ്പയർ
17. ബ്യൂട്ടി കൾച്ചർ ആന്റ് ഹെയർ ഡ്രെസ്സിംഗ്
18. ഗാർമെന്റ് മേക്കിംഗ്
19. സെക്യൂരിറ്റി
20. മീഡിയ
21. സോഫ്റ്റ് സ്കിൽ
22. ട്രാവൽ ആന്റ് ടൂറിസം
23. ഫയർ ആന്റ് സേഫ്റ്റി എഞ്ചിനീയറിംഗ്
24. ബിസിനസ്സ് ആന്റ് കോമേഴ്സ്
25. മെറ്റീരിയൽ മാനേജ്മെന്റ്
26. കെമിക്കൽ
27. പ്ലാസ്റ്റിക് പ്രോസസിംഗ്
28. മെഡിക്കൽ ആന്റ് നെഴ്സിംഗ്
29. വുഡ് വർക്ക്
30. ഖാദി

Sd/-
സെക്ഷൻ ഓഫീസർ